പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5132

24.10.2011- ൽ മറുപടിക്ക്

## ഡിപ്പോ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായരംഗത്തെ ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി മുൻ സർക്കാർ കൈക്കൊണ്ട നടപടികൾ ഇപ്പോഴും തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) തുടരുന്നുണ്ട്. |
| (ബി) കയറ്റുമതിക്കാരിൽ നിന്നും ഓർഡർ ശേഖരിച്ച് കയർ കോർപ്പറേഷൻ വില നിശ്ചയിച്ച് ചെറുകിട ഉത്പാദകർക്ക് നല്കുന്ന നടപടി ഇപ്പോഴും തുടരുന്നുണ്ടോ ; | (ബി) തുടരുന്നുണ്ട്. |
| (സി ഡിപ്പോകളെ പൂർണ്ണമായും നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി)ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുന്നതിനായി സർക്കാർ ക്രയവില സ്ഥിരതാപദ്ധതി നടപ്പിലാക്കിവരുന്നു. |
| (ഡി) കയർ ഫാക്ടറി മേഖലയിൽ കയർ പരവതാനികൾക്കു പകരം ജൂട്ട്, സൈസൽ, ഗ്രാസ്സ് എന്നിവകൊണ്ടുള്ള പരവതാനി കളാണ് നിർമ്മിക്കുന്നതെന്നും പ്രസ്തുത രംഗത്ത് വ്യവസ്ഥാപിതമായ കൂലിയോ സർവ്വീസ് ചാർജ്ജോ ചെറുകിട ഉത്പാദകന് നൽകുന്നില്ല എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) കയറ്റുമതിക്കാരായ വൻകിടക്കാരുടെ ചൂഷണം അവസാനിപ്പിക്കുവാൻ പ്രസ്തുത ഉത്പന്നങ്ങളെ സി.ഐ.ആർ.സി. പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) ചൂഷണം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) കയർ വ്യവസായത്തിലെ പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനും വൈവിധ്യ വൽക്കരണത്തിനും വേണ്ടി കയർ കമ്മീഷൻ റിപ്പോർട്ട് അടിയന്തിരമായി നടപ്പിലാക്കാമോ ? | (എഫ്) 2009-10 മുതൽ കയർ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ